ഉത്തരം

(എ) 2003-2004 സാമ്പത്തിക വർഷത്തിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ശമ്പള ഇനത്തിൽ 45.13 കോടി രൂപയും കരാറുകാർക്ക് കൊടുത്ത ഇനത്തിൽ 252.20 കോടി രൂപയും കെട്ടിട വിഭാഗത്തിൽ ശമ്പള ഇനത്തിൽ 43.80 കോടി രൂപയും കരാറുകാർക്ക് 179.26 കോടി രൂപയും ദേശീയപാത വിഭാഗത്തിൽ ശമ്പള ഇനത്തിൽ 14.03 കോടി രൂപയും കരാറുകാർക്ക് കൊടുത്ത ഇനത്തിൽ 11.41 കോടി രൂപയും ചെലവായിട്ടുണ്ട്.

(ബി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ഡിസൈൻ & സൂപ്പർ വിഷനു വേണ്ടി അടങ്കൽ തുകയുടെ ഏതാണ്ട് 3 ശതമാനത്തോളം ചിലവിടുന്നുണ്ട്. കെട്ടിട വിഭാഗത്തിൽ ഡിസൈൻ പൊതുവെയും സൂപ്പർവിഷൻ പൂർണ്ണമായും നേരിട്ട് വകുപ്പുതന്നെയാണ് കൈകാര്യം ചെയ്യുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പയ്യന്നൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്തു വകുപ്പിന്റെ മേൽനോട്ടത്തിൽ നിർമ്മാണം പൂർത്തീകരിച്ച സർക്കാർ മന്ദിരങ്ങൾ

131 [2202] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസത്തിനുശേഷം നാളിതുവരെ പയ്യന്നൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്തു വകുപ്പിന്റെ മേൽനോട്ടത്തിൽ നിർമ്മാണം പൂർത്തീകരിച്ച സർക്കാർ മന്ദിരങ്ങൾ ഏതെല്ലാമാണെന്നും ഓരോന്നിന്റേയും നിർമ്മാണത്തിന് എത്ര തുക വീതം വിനിയോഗിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഇക്കാലയളവിൽ പുതുതായി ഏറ്റെടുത്തതും നിർമ്മാണ പ്രവർത്തനം വിവിധ ഘട്ടങ്ങളിലായിട്ടുള്ളതുമായ കെട്ടിട നിർമ്മാണ പ്രവർത്തികൾ ഏതെല്ലാമെന്നും വിശദമാക്കുമോ;

(സി) ഇതിൽ ഓരോ പ്രവർത്തികളും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഇവ ഓരോന്നും ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കണമെങ്കിൽ കൈക്കൊള്ളേണ്ട നടപടികളെ സംബന്ധിച്ചും വിശദമാക്കുമോ;

(ഡി) ഇതിനുതകുന്ന തരത്തിൽ പൊതുമരാമത്ത് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)	1. പയ്യന്നൂർ ഫയർ സ്റ്റേഷൻ കെട്ടിടം	16,94,049 രൂപ
	2. ഗവ. ആയുർവേദ കോളേജിലെ ഫാമിലി ടൈപ്പ് II ക്വാർട്ടേഴ്സ് ബ്ലോക്ക് നമ്പർ II	25,55,938 രൂപ
	3. ഗവ. ആയുർവേദ കോളേജ് ടൈപ്പ് III ക്വാർട്ടേഴ്സ് ബ്ലോക്ക് III	15,84,000 രൂപ (പാർട്ട് ബിൽ തുക)
	4. ഗവ. ആയുർവേദ കോളേജിൽ 150 കിടക്കകളുള്ള ആശുപത്രി വാർഡ് കെട്ടിടം (റോഡുപണി സഹിതം)	2,13,67,724 രൂപ

(ബി) ഗവ. ആയുർവേദ കോളേജിലെ പ്രൊഫസർമാർക്കുള്ള ക്വാർട്ടേഴ്സ് (ടൈപ്പ് IV) ബ്ലോക്ക് 1 & 2 (ഫ്ളാറ്റ് ടൈപ്പ്)

(സി ആന്റ് ഡി) മേസന്ററി വർക്ക് ലിന്റൽ ലെവൽ വരെ പൂർത്തിയായി. പണി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകി വരുന്നു.

മാങ്ങാട്പറമ്പിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയുടെ നിർമ്മാണത്തിലുണ്ടായ കാലതാമസം

132 [2203] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാങ്ങാട്പറമ്പിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയുടെ നിർമ്മാണത്തിലുണ്ടായ കാല താമസത്തിനുള്ള കാരണമെന്താണെന്നറിയിക്കാമോ;

(ബി) ആയതു പരിഹരിച്ച് ആശുപത്രി എപ്പോൾ പ്രവർത്തനം തുടങ്ങുവാൻ സാധിക്കുമെന്നറിയിക്കാമോ;

(സി) എഗ്രിമെന്റ് പ്രകാരം നിർമ്മാണം ഏത് തീയതിക്കാണ് പൂർത്തിയാക്കേണ്ടിയിരുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ആശുപത്രിയുടെ നിർമ്മാണം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. പ്രവർത്തി സമയബന്ധിതമായി തീർക്കുന്നതിൽ കൺസ്ട്രക്ഷൻ കോർപ്പറേഷൻ വീഴ്ച വരുത്തിയിട്ടുണ്ട്. പ്രവർത്തി പൂർത്തിയാക്കാനുള്ള സമയപരിധി നീട്ടുവാനും, റേറ്റ് കൂട്ടി നൽകുവാനുമുള്ള കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ആവശ്യത്തിൻമേൽ തീരുമാനമായിട്ടുണ്ട്. 2005-ൽ പണി പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly